**ഗ്രാന്റ് കേരള ഷോപ്പിംഗ് ഫെസ്റ്റിവൽ പുനഃക്രമീകരിക്കുന്നതിന് നടപടി**

26 (*386) ശ്രീ. സാജു പോൾ :
ഡോ. ടി. എം. തോമസ് ഐസക് :
ശ്രീ. ഇ. പി. ജയരാജൻ :
ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2013-'14 വർഷത്തെ ഗ്രാൻഡ് കേരള ഷോപ്പിംഗ് ഫെസ്റ്റിവൽ (ജി.കെ.എസ്.എഫ്.) നടത്തിപ്പിനെക്കുറിച്ച് ഉയർന്നുവന്ന പരാതികൾ എന്തൊക്കെയായിരുന്നു; പരാതികൾ പരിഹരിച്ചുകൊണ്ടാണോ ഇത്തവണത്തെ ഫെസ്റ്റിവൽ നടത്താൻ നിശ്ചയിച്ചിരുന്നത്;

(ബി) കഴിഞ്ഞ വർഷം പ്രഖ്യാപിച്ച മെഗാ സമ്മാനങ്ങൾ നൽകിയിരുന്നോ; ഇല്ലെങ്കിൽ അതിന്റെ കാരണം അറിയിക്കുമോ; കഴിഞ്ഞ വർഷം ജി.കെ.എസ്.എഫ്. നടത്തിയ വകയിൽ വ്യാപാരി വ്യവസായി ഏകോപന സമിതി സർക്കാരിന് നൽകാനുള്ള തുക നൽകിയോ; അത് എത്രയായിരുന്നു;

(സി) ബജറ്റിലൂടെയും അതിനുശേഷവും ഉയർത്തിയ നികുതി നിരക്കുകൾ ജി.കെ.എസ്.എഫ്.-നെ എങ്ങനെ ബാധിക്കുമെന്നാണ് വിലയിരുത്തിയിരിക്കുന്നത്; ഇത് പരിഗണിച്ചുകൊണ്ടും ഓൺലൈൻ വ്യാപാരത്തിന്റെ കടന്നുകയറ്റം കണക്കിലെടുത്തും മേളയിൽ വിൽക്കുന്ന ഉല്പന്നങ്ങൾക്ക് നികുതിയിളവ് നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) സംസ്ഥാനത്തിന്റെ തനത് ഉല്പന്നങ്ങൾ ജി.കെ.എസ്.എഫ്.-ന്റെ ഭാഗമായി വിറ്റഴിക്കപ്പെടുന്നതിന് സാധ്യമാകുന്നുണ്ടോ; ഇതിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്;

(ഇ) ഫെസ്റ്റിവലിന്റെ നടത്തിപ്പിന് നിർദ്ദേശിക്കപ്പെട്ട സ്ഥിരം സംവിധാനം എന്തായിരുന്നു; ആയത് നിലവിൽ വന്നിട്ടുണ്ടോ; വിശദമാക്കാമോ?

പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. എ.പി. അനിൽ കുമാർ) :

(എ) ഗ്രാന്റ് കേരള ഷോപ്പിംഗ് ഫെസ്റ്റിവൽ-2013-14 വർഷം നടത്തിയതിനെപ്പറ്റി പരാതികൾ ഒന്നുംതന്നെ ലഭിച്ചിട്ടില്ല. ഫെസ്റ്റിവലിന്റെ ലോജിസ്റ്റിക് പാർട്ട്ണറായി വ്യാപാരി വ്യവസായി ഏകോപനസമിതിയാണ് പ്രവർത്തിച്ചത്. ഇവരെ തെരഞ്ഞെടുത്തതിന് എതിരെ മറ്റ് ചില സംഘടനകൾ കോടതിയിൽ പരാതി നൽകുകയുണ്ടായി. കോടതി വിധിയുടെ അടിസ്ഥാനത്തിൽ

LIBRARY ARCHIVES Kerala Legislative Assembly

പത്രപരസ്യം നൽകി ലോജിസ്റ്റിക് പാർട്ട്ണറെ വീണ്ടും തെരഞ്ഞെടുത്തു. വ്യാപാരി വ്യവസായി ഏകോപന സമിതിയാണ് യോഗ്യത നേടിയത്. ഇത്തവണ ഫെസ്റ്റിവൽ എല്ലാ വ്യാപാരി സംഘടനകളെയും പങ്കെടുപ്പിച്ചുകൊണ്ട് നേരിട്ടാണ് നടത്തുന്നത്.

(ബി) മെഗാ സമ്മാനം നൽകിയിട്ടുണ്ട്. കാസർഗോഡ്-നല്ലിപടിയിലെ രത്നാകര ഷേണായിക്കാണ് 1 കോടി രൂപ സമ്മാനം നൽകിയത്. വ്യാപാരി വ്യവസായി ഏകോപനസമിതിയുമായി ഉണ്ടാക്കിയ ധാരണാപത്രം അനുസരിച്ച് 2.25 കോടി കൂപ്പൺ വാങ്ങേണ്ടിയിരുന്നു. എന്നാൽ 1.81 കോടി കൂപ്പൺ മാത്രമേ അവർക്ക് വാങ്ങാൻ സാധിച്ചിട്ടുള്ളൂ. ഈ ഇനത്തിൽ 2,63,70,000 രൂപയും സ്പോൺസർഷിപ്പിലൂടെ കൂപ്പണിന്റെ അച്ചടി കൂലിയിനത്തിൽ 85.50 ലക്ഷം രൂപയും നൽകാമെന്ന വ്യവസ്ഥയും പാലിക്കപ്പെട്ടിട്ടില്ല.

(സി) ബഡ്ജറ്റിലെ നികുതി നിർദ്ദേശവും ജി.കെ.എസ്.എഫുമായി നേരിട്ട് ബന്ധമില്ല. വ്യാപാരികൾക്ക് ബഡ്ജറ്റിലെ ചില നിർദ്ദേശങ്ങളോട് അഭിപ്രായ വ്യത്യാസമുണ്ട്. ഈ വർഷം ജി.കെ.എസ്.എഫ്.-ന്റെ മുന്നോടിയായി വിവിധ മേഖലകളിലുള്ള വ്യാപാരസംഘടനകളുമായി വകുപ്പുമന്ത്രിയും മുഖ്യമന്ത്രിയും ചർച്ച നടത്തുകയുണ്ടായി. അതിന്റെ ഫലമായി എല്ലാ വ്യാപാരസംഘടനകളും ജി.കെ എസ്.എഫുമായി സഹകരിക്കാൻ തീരുമാനിച്ചു. മേളയിൽ വിൽക്കുന്ന ഉത്പന്നങ്ങൾക്ക് നേരിട്ട് നികുതി ഇളവ് നൽകാൻ ഉദ്ദേശിക്കുന്നില്ല. എന്നാൽ ഫെസ്റ്റിവൽ കാലയളവിൽ ജി.കെ.എസ്.എഫിൽ രജിസ്റ്റർ ചെയ്തിരിക്കുന്ന സ്ഥാപനങ്ങളിൽനിന്നും സാധനങ്ങൾ വാങ്ങുന്ന കേരളത്തിന് പുറത്തുള്ളവർക്ക് നികുതി പണം ജി.കെ.എസ്.എഫ്. തിരികെ നൽകുന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

(ഡി) സംസ്ഥാനത്തിന്റെ തനത് ഉത്പന്നങ്ങൾ വിറ്റഴിക്കുന്നതിനുവേണ്ടി കരകൗശല വികസന കോർപ്പറേഷൻ, കൈരളി, കയർ ബോർഡ്, കയർ ഫെഡ് എന്നിവയുമായി ജി.കെ.എസ്.എഫ്. പങ്കാളിത്തത്തിൽ ഏർപ്പെട്ടിട്ടുണ്ട്. ജി.കെ.എസ്.എഫ്.-ന്റെ ആഭിമുഖ്യത്തിൽ നടത്തുന്ന എക്സിബിഷനിൽ കേരളത്തിന്റെ ഉത്പന്നങ്ങളുടെ പ്രദർശനവും വില്പനയും ആവിഷ്കരിച്ചിട്ടുണ്ട്. കയർ ബോർഡുമായി ചേർന്ന് ദേശീയതലത്തിൽ രണ്ട് സെമിനാറുകൾ നടത്താൻ തീരുമാനിച്ചിട്ടുണ്ട്. കൂടാതെ ഹാൻഡെക്സ്, ഹാൻവീവ് എന്നിവരും ഫെസ്റ്റിവലിൽ പങ്കാളികളാണ്.

(ഇ) ഫെസ്റ്റിവലിന്റെ നടത്തിപ്പിനായി സ്ഥിരം സംവിധാനം എന്ന നിലയിൽ തിരുവിതാംകൂർ-കൊച്ചി ലിറ്ററി ആന്റ് സയന്റിഫിക് ചാരിറ്റബിൾ സൊസൈറ്റി ആക്ട് പ്രകാരം രജിസ്റ്റർ ചെയ്ത് ഒരു സൊസൈറ്റി ആരംഭിക്കുന്ന കാര്യം പരിഗണിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly